# ഇസ്‌ലാം പ്രത്യയശാസ്ത്രമല്ല?

■ *'ഇസ്‌ലാം ഒരു പ്രത്യയശാസ്ത്രമാണെന്ന് അല്ലാഹുവോ മുഹമ്മദ് നബി(സ)യോ പറഞ്ഞിട്ടില്ല. ഭരണം പിടിച്ചെടുക്കുന്നതിനു വേണ്ടിയോ ഭരണകൂടത്തെ സുഗമമായി മുന്നോട്ട് നയിക്കുന്നതിനു വേണ്ടിയോ രാഷ്ട്രീയ മീമാംസകർ അവതരിപ്പിക്കുന്ന ആശയസംഹിതയ്ക്കാണ് ഐഡിയോളജി അഥവാ പ്രത്യയശാസ്ത്രം എന്ന് പറയുന്നത്. ഇസ്‌ലാമിനെ രാഷ്ട്രീയവൽക്കരിച്ച ചില ചിന്തകന്മാരാണ് കാപ്പിറ്റലിസത്തിനും കമ്യൂണിസത്തിനും മധ്യേയുള്ള ഒരു പ്രത്യയശാസ്ത്രമെന്ന നിലയിൽ ഇസ്‌ലാമിനെ പരിചയപ്പെടുത്തിയത്. സമൂഹത്തിൽ പ്രത്യയശാസ്ത്രങ്ങൾക്കുള്ള പ്രഭാവം കണ്ടപ്പോൾ ഇസ്‌ലാമിനെയും ആ ഗണത്തിൽ പെടുത്തുന്നത് ഗുണം ചെയ്യുമെന്ന് തോന്നിയതിനാലാണ് അവർ അങ്ങനെ ചെയ്തത്. ആ സമീപനത്തിന് ഇസ്‌ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളുടെ പിൻബലം ഒട്ടുമില്ല.' (കൂടിക്കാഴ്ച, സ്നേഹസംവാദം മാസിക, പേജ്: 30 ഒക്ടോബർ 2007)*

*മുജീബിന്റെ പ്രതികരണം?*

***ഹാദിഫ് തൊഴുവാനൂർ***

**ഐ**ഡിയോളജി എന്നാൽ ദീൻ തന്നെ. അദ്ദീൻ എന്നാൽ ഇസ്‌ലാമാണെന്ന് വിശുദ്ധ ഖുർആൻ നിശ്ചയമായും പറഞ്ഞിട്ടുണ്ട്. അല്ലാഹുവിന് സ്വീകാര്യമായ ഒരേയൊരു ദീൻ ഇസ്‌ലാമാണെന്നും പറഞ്ഞിട്ടുണ്ട്. ദീൻ എന്നാൽ ഖുർആനിന്റെ ദൃഷ്ടിയിൽ എന്താണ്? 'വിധികർതൃത്വം അല്ലാഹുവിന് മാത്രമാകുന്നു. നിങ്ങൾ അവനല്ലാതെ ഇബാദത്ത് ചെയ്യരുതെന്ന് അവൻ കൽപിച്ചിരിക്കുന്നു. അതാണ് ചൊവ്വായ ദീൻ' (*യൂസുഫ്* 210). 'വ്യഭിചാരിണിയെയും വ്യഭിചാരിയെയും നൂറ് അടിവീതം അടിക്കുക. അല്ലാഹുവിന്റെ ദീൻ നടപ്പാക്കുന്നതിൽ നിങ്ങൾക്ക് അവരോട് ദാക്ഷിണ്യം തോന്നരുത്' (*അന്നൂർ* 2). 'അല്ലാഹുവിങ്കൽ, അവന്റെ ഗ്രന്ഥത്തിൽ അകാശഭൂമികളെ സൃഷ്ടിച്ച ദിവസം മുതൽ മാസങ്ങളുടെ എണ്ണം പന്ത്രണ്ടാകുന്നു. അതിൽ നാലെണ്ണം ആദരണീയമത്രെ. അതാണ് നേരായ ദീൻ' (*അത്തൗബ* 36). 'അപ്രകാരം യൂസുഫിന് വേണ്ടി നാം തന്ത്രം പ്രയോഗിച്ചു. രാജാവിന്റെ ദീൻ അനുസരിച്ചു സ്വസഹോദരനെ പിടിച്ചുവെക്കാൻ അദ്ദേഹത്തിന് പാടുണ്ടായിരുന്നില്ല' (*യൂസുഫ്* 76). 'ദീനിനെ നിഷേധിക്കുന്നവനെ നീ കണ്ടുവോ? അനാഥയെ ആട്ടിയകറ്റുന്നവനും ദരിദ്രർക്ക് ആഹാരം നൽകാൻ പ്രേരിപ്പിക്കാത്തവനുമത്രെ അവൻ' (*അൽ മാഊൻ* 1-3). 'ഫിത്ന ഇല്ലാതാവുകയും ദീൻ മുഴുവനുമായി അല്ലാഹുവിനാവുകയും ചെയ്യുന്നത് വരെ നിങ്ങൾ അവരോട് പൊരുതുക' (*അൽ അൻഫാൽ* 39). ഈ ഉദ്ധരിച്ചതും അല്ലാത്തതുമായ ഒട്ടനവധി ഖുർആൻ സൂക്തങ്ങൾ സ്പഷ്ടമാക്കുന്നതെന്താണ്? ദീനിൽ ഉൾപ്പെടാത്തതായി ജീവിതത്തിന്റെ ഒരു മേഖലയും ഇല്ലെന്ന് തന്നെ. അതിനാൽ ഇസ്‌ലാം സമഗ്ര ജീവിത പ്രത്യയശാസ്ത്രം തന്നെയാകുന്നു. സാമ്പത്തികപ്രധാനങ്ങളും കേവല ഭൗതികപരവുമായ പ്രത്യയശാസ്ത്രങ്ങളാണ് ക്യാപിറ്റലിസവും കമ്യൂണിസവും. ഭരണം പിടിച്ചെടുക്കുക മാത്രമല്ല അവയുടെ ലക്ഷ്യം; ജീവിതത്തെയാകെ ഇളക്കിമറിക്കുക എന്നതുതന്നെയാണ്. ഇസ്‌ലാമിന് സ്വന്തമായ ഒരു സാമ്പത്തികദർശനമോ രാഷ്ട്രീയദർശനമോ ഇല്ലെന്നും ഈ മേഖലകളിൽ മനുഷ്യനിർമിത വ്യവസ്ഥകൾക്കേ പ്രസക്തിയുള്ളൂവെന്നും ഇസ്‌ലാമിനെ സങ്കുചിത മതവൽക്കരിച്ചവർ വാദിക്കുമോ? ഇല്ലെങ്കിൽ മാനവികതയിലും സാമൂഹിക നീതിയിലും അധിഷ്ഠിതമായ ഇസ്‌ലാമിക പ്രത്യയശാസ്ത്രത്തെ അവർ നിരാകരിക്കാൻ ന്യായമോ കാരണമോ ഇല്ല. അതേസമയം, ഇസ്‌ലാമിനെ പരമ്പരാഗത ആചാരാനുഷ്ഠാനങ്ങളിൽ ഒതുക്കിയ കേവലം മതമാക്കിയതിന്റെ ശിക്ഷയാണ് മുസ്‌ലിം സമൂഹത്തിൽ വലിയൊരുവിഭാഗം അനിസ്‌ലാമിക പ്രത്യയശാസ്ത്രങ്ങളിലേക്കും പ്രസ്ഥാനങ്ങളിലേക്കും ഒഴുകിപ്പോയതെന്ന തിക്ത സത്യവും അവർ അംഗീകരിക്കേണ്ടിവരും.

## എസ്.കെ.എസ്.എസ്.എഫിന്റെ 'മതരാഷ്ട്രവാദം'

■ "മതത്തെ സ്വകാര്യമായി വെച്ചുപുലർത്താമെന്ന് കമ്യൂണിസ്റ്റ് നേതാക്കൾ പറയാറുണ്ട്. മതമെന്തെന്ന ഇസ്‌ലാമികവീക്ഷണം അറിയാതെയാണ് മാർക്സിസ്റ്റുകളുടെ ഈ ഔദാര്യം. ഇസ്‌ലാം ഒരു സ്വകാര്യഏർപ്പാടല്ല. പാത്തുംപതുങ്ങിയും കൊണ്ടുനടക്കേണ്ടതല്ല മുസ്‌ലിമിന്റെ ജീവിതം. ഇസ്‌ലാം സമഗ്രവും സമ്പൂർണവുമായ ജീവിതപദ്ധതിയാണ്. അടുക്കള മുതൽ അന്താരാഷ്ട്രം വരെ വ്യാപിച്ചതാണത്. വ്യക്തി, കുടുംബം, സാമ്പത്തികം, വിദ്യാഭ്യാസം, രാഷ്ട്രീയം, സാമൂഹികം എല്ലാം ഇതിനകത്തുണ്ട്. പള്ളിക്കകത്തും പുറത്തും ഇസ്‌ലാമികമായിരിക്കണം മുസ്‌ലിമിന്റെ ജീവിതം. കമ്യൂണിസ്റ്റുകൾ മതവിശ്വാസികളുടെ വോട്ടും പണവും ലഭിക്കാൻ അനുവദിക്കുന്ന മത സ്വാതന്ത്ര്യം പള്ളികളിലും അമ്പലങ്ങളിലും സ്വകാര്യമായും സൂക്ഷിക്കാനുള്ളതായിട്ടാണ്. പക്ഷേ, ഇസ്‌ലാം അതല്ല. അതിൽ സ്വകാര്യതയില്ല. വിശ്വാസവും അനുഷ്ഠാനങ്ങളും പരസ്യമാണ്. ഇസ്‌ലാമിൽ രാഷ്ട്രീയവും മതവിശ്വാസത്തിൽ അധിഷ്ഠിതമായിരിക്കണം. മതവും രാഷ്ട്രീയവും രണ്ടായി കാണുക മുസ്‌ലിമിന് സാധ്യമല്ല. രാഷ്ട്രീയജീവിതവും മതമൂല്യങ്ങൾക്ക് വിധേയമാണ്. ഇസ്‌ലാമിനെ അറിയാൻ കമ്യൂണിസ്റ്റുകാർക്ക് ആയിട്ടില്ല. ഇസ്‌ലാമിനെ വസ്തുനിഷ്ഠമായി പഠിച്ചിട്ടില്ലെന്ന് മാർക്സും എംഗൽസും സമ്മതിച്ചതാണ്. ശരീഅത്ത് വിവാദത്തിൽ ഒടുക്കം ഇത് ഇ.എം.എസ്സും സമ്മതിച്ചതാണ്. മതവും രാഷ്ട്രീയവും രണ്ടായി കാണുന്നവരാണ് മതം രാഷ്ട്രീയത്തിൽ ഇടപെടരുതെന്ന് പറയുന്നത്. സമ്പൂർണ സമഗ്ര പദ്ധതിയുള്ള ഇസ്‌ലാമിന് എല്ലാ കാര്യത്തിലെന്നപോലെ രാഷ്ട്രീയത്തിലും ഇടപെടണം. പ്രശ്നം രാഷ്ട്രീയം മതത്തിൽ ഇടപെടുന്നതാണ്."

(എസ്.കെ.എസ്.എസ്.എഫ് സംസ്ഥാന ജനറൽ സെക്രട്ടറി നാസർ ഫൈസി കൂടത്തായി *ചന്ദ്രിക* ദിനപത്രത്തിൽ (2.11.07) 'അന്ത്യകൂദാശാവിവാദവും കമ്യൂണിസവും' എന്ന ശീർഷകത്തിൽ എഴുതിയ ലേഖനത്തിൽനിന്ന്). മുജീബിന്റെ *പ്രതികരണം?*

***എം.വി ജലീൽ ഒതളൂർ***

**എ**ത്ര വൈകിയാണെങ്കിലും ആരായാലും ഇസ്‌ലാമിന്റെ പൂർണതയും സമഗ്രതയും സമ്മതിച്ചുപറയുന്നത് സ്വാഗതം ചെയ്യപ്പെടണം. മനുഷ്യജീവിതത്തെ

യാകെ നരകീയമാക്കുന്ന ജാഹിലിയ്യത്തിനെ ഫലപ്രദമായി നേരിടാനുള്ള തയാറെടുപ്പിന്റെ പ്രഥമപടിയാണത്. സമുദായത്തിലെ മതസംഘടനകൾ ഒന്നാമതായി വേണ്ടത് മുസ്‌ലിംജീവിതത്തിൽനിന്ന് വൈരുധ്യം ഇല്ലായ്മ ചെയ്യാനും ഏതുരംഗത്തും ഇസ്‌ലാമിന്റെ ശാസനകളനുസരിച്ചു ജീവിക്കാനുള്ള തന്റേടവും സന്മനസ്സും വളർത്തിയെടുക്കാനും ശ്രമിക്കുകയാണ്. അങ്ങനെ ചെയ്താൽ നാസ്തിക-നിർമത പ്രസ്ഥാനങ്ങൾ ഒരു രംഗത്തും വിശ്വാസികൾക്ക് ഭീഷണിയാവുകയില്ല. മുസ്‌ലിം യുവാക്കൾ അത്തരം പ്രസ്ഥാനങ്ങളിലേക്ക് ഒഴുകിപ്പോവുകയും ഇല്ല. സയ്യിദ് അബുൽഅഅ്‌ലാ മൗദൂദി നിറവേറ്റിയ ഏറ്റവുംവലിയ സേവനം പാശ്ചാത്യ ഭൗതിക പ്രത്യയശാസ്ത്രങ്ങളിലേക്കുള്ള ഒഴുക്കിൽനിന്ന് മുസ്‌ലിം യുവതയെ തടഞ്ഞുനിർത്തിയതാണെന്ന് സയ്യിദ് അബുൽ ഹസൻ അലി നദ്‌വി അനുസ്മരിച്ചത് സ്മരണീയമാണ്.

## ഹലാൽ ഹറാമുകളുടെ കാലപരിധി

■ *‘സർക്കാർ പരിപാടികളിലും പൊതുചടങ്ങുകളിലും മുജാഹിദുകളുമായും ജമാഅത്തെ ഇസ്‌ലാമിയുമായും വേദി പങ്കിടുന്നതിൽ തെറ്റില്ലെന്നും അതിന് വിലക്കേർപ്പെടുത്തിയിട്ടില്ലെന്നും കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാർ പ്രസ്താവിച്ചു. കണ്ണൂർ ജില്ലയിലെ രാഷ്ട്രീയ സംഘർഷം അവസാനിപ്പിക്കാൻ എല്ലാവരും ഒരുമിച്ചു നിൽക്കണമെന്ന് ആഹ്വാനം ചെയ്യാൻ വിളിച്ചുചേർത്ത പത്രസമ്മേളനത്തിലാണ് ചോദ്യത്തിന് മറുപടിയായി അദ്ദേഹം ഇങ്ങനെ പറഞ്ഞത്. .........പരസ്പരം ആശയവിനിമയം നടത്തുന്നതിന് വേദി പങ്കിടുന്നതാണ് നിരോധിച്ചത്. ഒരു പാർട്ടി മറ്റേ പാർട്ടിയുടെ ആശയം ഒരു വേദിയിൽ കൈമാറുന്നത് എതിർത്തിട്ടുണ്ട്. എന്നാൽ, സർക്കാർ പരിപാടികളിൽ പങ്കെടുക്കുന്നതിലോ ആശയം പങ്കിടുന്നതിലോ വിരോധമില്ല. സർക്കാർ സംഘടിപ്പിക്കുന്ന പരിപാടിയിൽ സുന്നികളേ പാടുള്ളൂ എന്നുപറയുന്നത് തെറ്റാണ്. അതു നടക്കുമോ എന്നതല്ല പ്രശ്നം. അങ്ങനെ വാദിക്കുന്നത് ശരിയല്ല. - അദ്ദേഹം വിശദീകരിച്ചു.’ (മാധ്യമം നവംബർ 10 ശനി).*

*മുജീബിന്റെ പ്രതികരണം?*

***യഹ്‌യ മേലാറ്റൂർ***

**ത**ന്റെ അനുയായികളെ സംബന്ധിച്ചേടത്തോളം ഹലാലും ഹറാമും നിശ്ചയിക്കേണ്ടതും കൽപിക്കേണ്ടതും താൻ തന്നെയാണെന്ന ധ്വനി കാന്തപുരം അബൂബക്കർ മുസ്‌ലിയാരുടെ പ്രസ്താവനയിലുണ്ട്. ഇത് അദ്ദേഹത്തിന്റെ മാത്രം പ്രത്യേകതയല്ല. നമ്മുടെ മതസംഘടനകളുടെ തലപ്പത്തിരിക്കുന്നവർ സാമാന്യമായി അത്തരമൊരു ശാഠ്യമാണ് വെച്ചുപുലർത്തുന്നത്. അതുകൊണ്ടു തന്നെ ന്യായമോ തെളിവുകളോ നോക്കാതെ, പണ്ഡിതന്മാരും പുരോഹിതന്മാരും അനുശാസിക്കുന്നതെന്തും അനുയായികൾ കണ്ണുംചിമ്മി അനുസരിക്കുന്നു. ഇസ്രാഈല്യർക്കെതിരെ ഖുർആൻ ഉന്നയിച്ച ഏറ്റവും വലിയ കുറ്റാരോപണമാണിതെന്ന് മറക്കരുത്.

ഏക സിവിൽകോഡിനെതിരെ ഇസ്‌ലാമിക ശരീഅത്തിന് അനുകൂലമായി ഓൾ ഇന്ത്യ മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് സയ്യിദ് അബുൽ ഹസൻ അലി നദ്‌വിയുടെ അധ്യക്ഷതയിൽ കോഴിക്കോട് മുതലക്കുളത്ത് സംഘടിപ്പിച്ച പൊതു പരിപാടിയിൽ മറ്റു മതസംഘടനാ നേതാക്കളോടൊപ്പം സമസ്ത ജനറൽ സെക്രട്ടറി ഇ.കെ അബൂബക്കർ മുസ്‌ലിയാർ വേദി പങ്കിട്ടതിന്റെ പേരിലാണ് എ.പി അബൂബക്കർ മുസ്‌ലിയാർ കലാപക്കൊടി ഉയർത്തി മാതൃസംഘടനയെ പിളർക്കാൻ ഉദ്യുക്തനായത്. ഏക സിവിൽ കോഡിനോടുള്ള എതിർപ്പാകട്ടെ അദ്ദേഹത്തിന്റെ ഗ്രൂപ്പിന്റെ കൂടി നിലപാടായിരുന്നുതാനും. ഇപ്പോൾ സർക്കാർ ആഭിമുഖ്യത്തിലുള്ള വേദികൾ മറ്റു മതസംഘടനകളുമായി പങ്കിടാമെന്ന ‘മസ്അല’, മാറിയ സാഹചര്യങ്ങളുടെ സമ്മർദഫലമാണെന്ന് വ്യക്തം. ഹജ്ജ്, വഖ്ഫ്, സച്ചാർ കമ്മിറ്റികളിൽ തന്റെ സംഘടനക്ക് പ്രാതിനിധ്യം ഉറപ്പാക്കണമെങ്കിൽ പുതിയ വ്യാഖ്യാനം അനുപേക്ഷ്യമാണെന്ന് കാന്തപുരം കരുതുന്നു. വേദി ബഹിഷ്കരിച്ചാലുള്ള നഷ്ടവും അദ്ദേഹം കണക്കു കൂട്ടുന്നുണ്ടാവും. എന്തായാലും ഒരു കാര്യം തീർച്ച. മുജാഹിദുകളും ജമാഅത്തെ ഇസ്‌ലാമിയും പണ്ട് ‘മുബ്തദിഉകളാ’യിരുന്നെങ്കിൽ ഇപ്പോഴും അങ്ങനെ തന്നെ. അവർക്ക് മാറ്റമൊന്നും സംഭവിച്ചിട്ടില്ല. അവരുമായി വേദി പങ്കിടുന്നത് തെറ്റാണെങ്കിൽ ആ തെറ്റിനുള്ള ന്യായം ഇപ്പോഴും നിലനിൽക്കുന്നു. മുൻനിലപാട് ശരിയായിരുന്നില്ലെന്നാണ് പുതിയ ബോധോദയമെങ്കിൽ തിരുത്തും നിലപാടുമാറ്റവും അനുയായികൾ മനസ്സിലാക്കുന്നത് നന്ന്.

## ‘മതമേതായാലും കമ്യൂണിസം കൂടിയേ തീരൂ!’

■ *‘ഉപരോധവും സൈനിക ഭീഷണിയും ഏർപ്പെടുത്തി ഇറാനെ മറ്റൊരു ഇറാഖാക്കി മാറ്റാൻ അമേരിക്കൻ സാമ്രാജ്യത്വം പതിനെട്ടടവും പയറ്റുമ്പോഴാണ് റഷ്യൻ പ്രസിഡന്റ് പുടിൻ ഇറാന് ആത്മവിശ്വാസം പകരാൻ നേരിൽ ചെന്നത്. മതമേതായാലും എന്തായാലും മനുഷ്യന് കമ്യൂണിസം കൂടിയേ തീരൂ. ജീവിതത്തിനും ജീവിക്കാൻ അനുവദിച്ചുകിട്ടാനും- അതാണ് ഇന്നത്തെ ആഗോളവൈരുധ്യത്തിന്റെ മുഖ്യപാഠം. മതമൗലികതയുടെ കാര്യമൊഴിച്ചാൽ മതവും കമ്യൂണിസവുമായി കേരളത്തിലോ, ഇന്ത്യയിലോ, മറ്റെവിടെയെങ്കിലുമോ ഏറ്റുമുട്ടലിന്റെ ആവശ്യമില്ല. മതത്തിന് ആത്മീയതയുടെ വഴി; കമ്യൂണിസത്തിന് മാനവികതയുടേയും- രണ്ടും പരസ്പരം പൂരകങ്ങളാണ്- ഒപ്പം സമാന്തരവും’- (‘കമ്യൂണിസവും മതവിശ്വാസവും’ എന്ന ചർച്ചയിൽ അപ്പുക്കുട്ടൻ വള്ളിക്കുന്ന്, ഗൾഫ് മാധ്യമം 2007 നവംബർ 2)*

ഇത്തരം നിരീക്ഷണങ്ങൾ ഇസ്‌ലാമിന്റെ നിലനിൽപ്പിനെ തന്നെയല്ലേ ചോദ്യം ചെയ്യുന്നത്? ചരിത്രത്തിന് സമാനതകളില്ലാത്ത ഈ അവിഹിതബന്ധം ദൈവിക വ്യവസ്ഥിതിയെ തന്നെയല്ലേ ദുർബലപ്പെടുത്തുന്നത്?

***നസീർ പള്ളിക്കൽ, രിയാദ്***

**ക**മ്യൂണിസത്തിന്റെയും കമ്യൂണിസ്റ്റ് പാർട്ടിയുടെയും കഥകഴിച്ച് അമേരിക്കൻ പിന്തുണയോടെ റഷ്യയിൽ മുതലാളിത്ത വ്യവസ്ഥ പുനഃസ്ഥാപിച്ച ബോറിസ് യെൽറ്റ്സിന്റെ നോമിനിയും പിൻഗാമിയുമാണ് റഷ്യൻ പ്രസിഡന്റ് പുടിൻ. അദ്ദേഹം എന്നാണാവോ കമ്യൂണിസ്റ്റായത്? റഷ്യയിൽ കമ്യൂണിസ്റ്റ് പാർട്ടി വേറെത്തന്നെ പ്രവർത്തിക്കുന്നുണ്ട്. അവരാകട്ടെ പുടിന്റെ പ്രതിയോഗികളുമാണ്. പുടിൻ ഇറാനോടൊപ്പം നിൽക്കുന്നതിന്റെ രാഷ്ട്രീയം ഒരു രഹസ്യമല്ല. ഇറാനുമായി സാമ്പത്തിക സൈനിക ബന്ധങ്ങളുള്ള രാജ്യമാണ് റഷ്യ. തങ്ങളുടെ ഏറ്റവും നല്ല സാമ്പത്തിക കൂട്ടാളിയെ അമേരിക്ക തകർക്കുന്നത് കൈയും കെട്ടി നോക്കി നിൽക്കാൻ റഷ്യക്കാവില്ല. അതേസമയം ഉപരോധമടക്കമുള്ള അമേരിക്കൻ നടപടികൾക്ക് റഷ്യ വഴങ്ങിയതും വസ്തുതയാണ്. അന്തിമമായി അമേരിക്ക കണ്ണുരുട്ടിയാൽ പുടിൻ വഴങ്ങാതിരിക്കുന്ന പ്രശ്നമേയില്ല. ലോകം നേരിടുന്ന ഏറ്റവും വലിയ വിപത്ത് അമേരിക്കൻ സാമ്രാജ്യത്വമാണെന്നതിൽ സംശയമില്ല. അതിനെതിരെ കമ്യൂണിസ്റ്റുകാരും ഇസ്‌ലാമിക പ്രസ്ഥാനങ്ങളും സ്വന്തം നിലപാടുകളിൽ നിന്നു കൊണ്ടുതന്നെ കൂട്ടായി പൊരുതേണ്ടത് കാലഘട്ടത്തിന്റെ ആവശ്യവുമാണ്. എന്നാൽ മതം വ്യക്തിത്വവും അസ്തിത്വവും അടിയറവെച്ചുകൊണ്ട് കമ്യൂണിസത്തിന് കീഴടങ്ങേണ്ട ആവശ്യമോ നിസ്സഹായവസ്ഥയോ ഇല്ല. മറിച്ച് ലോകത്തേറ്റവും വലിയ കമ്യൂണിസ്റ്റ് രാജ്യമായ ചൈനപോലും മതത്തെ ഭരണഘടനാപരമായി അംഗീകരിക്കേണ്ടിവന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. തത്വമോ ആദർശമോ ബലികഴിക്കാതെയുള്ള ഒരു കൂട്ടായ്മയും അവിഹിതമല്ല. ■